ചവറ കെ.എം.എം.എൽ. കമ്പനിയുടെ ലാഭ-നഷ്ടക്കണക്കുകൾ

214 (2452) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിൽ ചവറ കെ.എം.എം.എൽ.-ലെ പിഗ്മെന്റ് പ്രൊഡക്ഷൻ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനിയുടെ, 2010-11, 2011-12, 2012-13 വർഷങ്ങളിലെ ലാഭ/നഷ്ടം എത്രയാണെന്നുള്ളത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11 മുതൽ 2012-13 വരെയുള്ള കമ്പനിയുടെ പിഗ്മെന്റ് ഉത്പാദനം ചുവടെ ചേർക്കുന്നു:

2010-11	36879 MT
2011-12	29117 MT
2012-13	27016 MT

(ബി) 2010-11 മുതൽ 2012-13 വരെയുള്ള കമ്പനിയുടെ ലാഭം (PAT) ചുവടെ ചേർക്കുന്നു:

2010-11	2811.92 ലക്ഷം
2011-12	11545.00 ലക്ഷം
2012-13	3588.63 ലക്ഷം

യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

215 (2453) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) യുവ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിന് ഫിനിഷിംഗ് സെന്ററുകളും മികവിന്റെ കേന്ദ്രങ്ങളും സംഘടിപ്പിക്കുമോ ;

(സി) യുവ സംരംഭകരിലൂടെ കേരളത്തിലെ വ്യാവസായിക-സാമ്പത്തിക തൊഴിലവസര രംഗത്ത് പുത്തൻ ഉണർവുണ്ടാക്കുന്നതിന് പുതിയ നയവും പദ്ധതികളും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly